സോളാർ കമ്മീഷന്റെ പ്രവർത്തനം

16 (*166) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എം. ഹംസ :
ശ്രീ. സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലെത്തിയിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) പ്രസ്തുത കമ്മീഷന് കാലാവധി നിശ്ചയിച്ചിരുന്നോ ; അത് നീട്ടിക്കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(സി) സർക്കാർ നിശ്ചയിച്ച് നൽകിയ ടേംസ് ഓഫ് റഫറൻസ് കമ്മിഷൻ പുതുക്കുകയുണ്ടായോ ;

(ഡി) ജയിൽ-പോലീസ് അധികൃതരുടെ 'ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ സംബന്ധിച്ച് പ്രസ്തുത കമ്മീഷൻ ചൂണ്ടിക്കാണിക്കുകയുണ്ടായോ ; അവ എന്തെല്ലാമായിരുന്നു ;

(ഇ) ജയിൽ ഡി.ജി.പി. ആയിരുന്ന ശ്രീ. അലക്സാണ്ടർ ജേക്കബ്ബ് ഉൾപ്പെടെ സോളാർ കമ്മീഷൻ മുമ്പാകെ ഇതിനകം മൊഴി നല്കപ്പെട്ടവരിലൂടെ പുതുതായി വെളിപ്പെടുത്തപ്പെട്ട ഏതെല്ലാം സംഗതികളിലാണ് സർക്കാർ സ്വമേധയാ നടപടികൾ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സോളാർ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ സാക്ഷിവിസ്താരം നടന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ്.

(ബി) അന്വേഷണ കമ്മീഷനോട് ആറ് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് നാല് തവണയായി കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. കമ്മീഷന്റെ കാലാവധി 27-4-2016-ൽ അവസാനിക്കും.

(സി) സർക്കാർ നിശ്ചയിച്ചുനൽകിയ ടേംസ് ഓഫ് റഫറൻസ് പ്രകാരം കമ്മീഷൻ അന്വേഷിക്കേണ്ട ആരോപണങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിച്ച്, ആരോപണങ്ങൾ നിർണ്ണയിച്ച് വ്യക്തത വരുത്തി അന്വേഷണ കമ്മീഷൻ 7-11-2014-ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് വിപുലീകരിക്കുകയോ അന്വേഷണ പരിധിയിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിയുന്ന സി. നമ്പർ 8966 ബിജു രാധാകൃഷ്ണൻ എന്ന പ്രതിയെ 12-11-2015-ൽ സാക്ഷി വിസ്താരത്തിന് ഹാജരാക്കാതിരുന്നതിനും ടിയാനെ 10-12-2015 തീയതി രാവിലെ 9.00 മണിക്ക് കമ്മീഷൻ മുൻപാകെ ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും രാവിലെ 10.00 മണിക്ക് ശേഷമേ ഹാജരാക്കിയുള്ളൂ എന്നത് സംബന്ധിച്ചും ജയിൽ അധികാരികളോട് വിശദീകരണം തേടിയിരുന്നു.

(ഇ) കമ്മീഷൻ മുമ്പാകെയുള്ള വെളിപ്പെടുത്തലുകളിന്മേൽ എന്തെങ്കിലും തുടർനടപടി ആവശ്യമുണ്ടെങ്കിൽ ആയത് സ്വീകരിക്കേണ്ടത് കമ്മീഷൻ തന്നെയാണ്.

കസ്തൂരിരംഗൻ റിപ്പോർട്ട്

17 (*167) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കരട് വിജ്ഞാപനത്തിൽ ഭേദഗതി വരുത്താനായി കേരളം നൽകിയ റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിലുള്ള കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിലപാട് എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനവുമായി ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; ചർച്ചയിൽ സംസ്ഥാനം നൽകിയ റിപ്പോർട്ടിന്മേൽ കേന്ദ്ര സർക്കാർ ഉന്നയിച്ച തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) ജനവാസ കേന്ദ്രവും പരിസ്ഥിതി ദുർബ്ബല മേഖലയും വേർതിരിച്ച് അടയാളപ്പെടുത്തിയത് കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ;

(ഇ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ കാര്യത്തിൽ മുൻ കേന്ദ്ര സർക്കാരിന്റേതിൽ നിന്ന് വ്യത്യസ്തമായ എന്തെങ്കിലും നിലപാട് ഇപ്പോഴത്തെ സർക്കാരിനുണ്ടോ; വിശദമാക്കാമോ;

(എഫ്) കരട് വിജ്ഞാപനം അനുസരിച്ച് എന്തെല്ലാം കാര്യങ്ങൾക്കാണ് നിരോധനം തുടരുക എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly